**Week 3**

## Weekly Devotion - October 2016

## The Down Road - (താഴോട്ടുള്ള വഴി)

ഒരിക്കൽ വായിച്ച ഒരു കഥ, വഴി തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നവരുടെ അറിവിനായി രേഖപ്പെടുത്തുന്നു.അത്യുന്നതനായ ദൈവത്തെ അനുസരിക്കുന്ന വന്റെ ജീവിതവും വഴിയും ഉയർച്ചയിലേക്കാകുമ്പോൾ ,അനുസരണം കെട്ടവന്റെ വഴി താഴേക്കായിരിക്കും. നിത്യ ജീവന്റെ വഴിയെപ്പറ്റിയും ന്യായവിധിയുടെ വഴിയെ പ്പറ്റിയും ഒരു ദൈവ ദാസൻ പ്രസംഗിച്ചതു കേട്ട വ്യക്തികൾക്ക് വലിയ വ്യത്യാസം ഉള്ളതായി തോന്നിയില്ല. കാരണം ഈ രണ്ട് വഴികളും ലോകത്തിലാണ് ഒരുക്കിയി രിക്കുന്നത്, കൂടാതെ ഒരു ജീവിതത്തിൽ നിന്നുമാണ് ഈ വഴികൾ ആരംഭിക്കുന്ന തും. ഈ രണ്ട് വഴികളിലും യാത്രചെയ്യുന്നവർ ചെയ്യുന്ന ചില കാര്യങ്ങൾ ഒന്നു തന്നെയാണ്. എന്നാൽ ഈ വഴികളുടെ അവസാനം, യാത്രചെയ്യുന്നവർ ചെന്നെ ത്തുന്നത്, വളരെ അകലമുള്ള രണ്ട് ഇടങ്ങളിലാണ്. യേശുവിന്റെ അടുക്കൽ നിത്യ ജീവനവകാശി ആകുവാൻ ആഗ്രഹിച്ച് എത്തിയ ധനവാൻ ന്യായപ്രമാണം കൃത്യ മായി അനുസരിച്ചതിനാൽ സ്വർഗ്ഗരാജ്യത്തോട് ഏറ്റവും അടുത്തിരുന്നു. എന്നാൽ ധനത്തോടുള്ള സ്നേഹം ഈ വഴിയിൽ നിന്ന് അവനെ അകറ്റി. ദൈവരാജ്യത്തിൽ നിന്ന് നമ്മെ അകറ്റുന്നതിനെ ഉപേക്ഷിച്ചാൽ നാം നിത്യതയുടെ വഴിയിലാകും.

ന്യായവിധിയുടെ വഴിയിൽ നിന്ന് രക്ഷപെടേണ്ടവർക്ക് ദീർഘയാത്രയോ, കഠി നാധ്വാനമോ ആവശ്യമില്ല. യേശു എന്ന രക്ഷകനെ സ്വീകരിക്കുന്നവർക്ക് , അനുസ രിക്കുന്ന അകലം മാത്രമേ ഉള്ളൂ. മനുഷ്യന് നിത്യജീവന്റെ വഴി ഈ ലോകത്തിൽ തന്നെയാണ് ദൈവം ഒരുക്കി യിരിക്കുന്നത്. ദൈവം കല്പിച്ച വഴിയെ സ്വീകരി ക്കാത്തവർ താഴേ ക്കുള്ള വഴിയിൽ അഥവാ നാശ ത്തിലേക്കുള്ള വഴിയിലാണ്.



അമിത്ഥായുടെ മകനായ യോനയെപ്പറ്റി പഠിയ്ക്കുന്നത് നല്ലതാണ്. യഹോവ അവനെ ഒരു ദൗത്യം ഏല്പിച്ചു. നീനെവേയിലേക്കു ചെന്ന് അതിനു വിരോധമായി പ്രസംഗിക്കുക എന്ന് ദൈവം ആവശ്യപ്പെട്ടിട്ടും അവൻ അത് അനുസരിക്കുവാൻ തയ്യാറായില്ല. അവരോടുള്ള വിരോധം ദൈവത്തെ അനുസരിക്കുന്നതിൽ നിന്നും അവനെ വിലക്കി. കൂലികൊടുത്ത് തർശീശിലേക്ക് കപ്പൽ കയറി , യഹോവയുടെ സന്നിധിയിൽ നിന്ന് ഓടിപ്പോകുന്നതിന്റെ കൂലി ആയിരുന്നു അത്. ഇതോടെ അവന്റെ ജീവിതത്തിന്റെ ഗ്രാഫ് താഴേയ്ക്ക് ആയി തുടങ്ങി. അസ്സീറിയൻ സാമ്രാജ്യ ത്തിന്റെ തലസ്ഥാനമായിരുന്നു നിനവേ പട്ടണം. അസ്സീറിയ എന്നും യിസ്രായേലിന് ഭീഷണി ആയിരുന്നു. രാജ്യസ്നേഹി ആകയാലാകാം തങ്ങളുടെ ശത്രു രാജ്യ ത്തിന്റെ നാശം സംഭവിക്കട്ടെ  എന്ന ചിന്തയോടെ എതിർദിശയിലേക്ക് യാത്ര ചെയ്തത്.

ദൈവത്തിന്റെ സ്നേഹവും ദയയും യഹൂദൻമാർക്കു വേണ്ടി മാത്രമുള്ളതല്ല. നിനവേക്കാർക്ക് അതിന് അർഹത ഇല്ലായിരുന്നു. എങ്കിലും അവരും മാനസാന്തര പ്പെട്ടപ്പോൾ ദൈവം അവരെ ശിക്ഷിക്കാതെ വെറുതെ വിട്ടു. ദൈവത്തെ സ്നേഹി ക്കുന്നവർക്ക് മറ്റുള്ളവരെയും സ്നേഹിപ്പാൻ കഴിയും. അനുസരണക്കേട് കാണിച്ച പ്പോൾ അവന്റെ വഴി താഴേക്കായി. അനുസരണത്തിന്റെ വഴിയിലേക്ക് അവനെ കൊണ്ടു വരുവാൻ യഹോവ പെരുങ്കാറ്റ് അടിപ്പിച്ചു. കടൽക്ഷോഭത്താൽ ഭയന്ന കപ്പല്ക്കാർ താന്താന്റെ ദേവനോട് നിലവിളിച്ചു. കപ്പലിന് ഭാരം കുറയ്ക്കാൻ ചരക്ക് സമുദ്രത്തിലെറിഞ്ഞതുപോലെ കടൽക്ഷോഭത്തിന് കാരണക്കാരനായവനേയും കട ലിന്റെ അടിത്തട്ടിലേക്കെറിഞ്ഞു. കടലിന്റെ അടിയിലേക്കുള്ള യാത്ര. തുടർന്ന് ദൈവം അയച്ച മഹാമത്സ്യം അവനെ വിഴുങ്ങി സമുദ്രത്തിന്റെ അടിത്തട്ടിലേക്കു പോയി. മത്സ്യത്തിന്റെ ഉള്ളറയിലെത്തിയവന്റെ താഴേയ്ക്കുള്ള യാത്ര. ദൈവസന്നി ധിയിൽ കഴിയാൻ സമയമില്ലാതെ സമ്പന്നതയുടെ പിന്നാലെ പോകുന്നവരേ ! ഓർക്കുക നിങ്ങളുടെ വീഴ്ച അതിശക്തമായിരിക്കും. പണത്തെ ലക്ഷ്യം  വയ്ക്കുന്ന വർ ദൈവഹിതം കേൾക്കുവാൻ താല്പര്യം കാണിക്കാറില്ല.സമൃദ്ധിയുടെ വണ്ടി തേടി കണ്ടെത്തുന്നവർ യഹോവയിൽ നിന്നകലുന്നതിനാൽ താഴേക്കു വീഴുന്നു. ഈ അവസരത്തിൽ യഹോവ പെരുകാറ്റ് അടുപ്പിക്കുന്നു.

അപ്പനെ അനുസരിക്കാതെ സ്വന്തം സുഖം ലക്ഷ്യമാക്കി സകലതും വിറ്റ് കൂട്ടുകാരോടൊപ്പം കഴിഞ്ഞവന്റെ വീഴ്ച ഭയങ്കരമായിരുന്നു. എല്ലാവരും സമ്പത്തു തീർന്നപ്പോൾ കൈവിട്ടു.അപ്പന്റെ വീട്ടിലെ സന്തോഷം നഷ്ടമായി. സുഖമായി ജീവിച്ചവൻ യഹൂദന് വെറുപ്പായ പന്നിയെ തീറ്റി , പട്ടിണി കിടന്നു. വീഴ്ച ഭയങ്കരം. സുബോധം വരുത്താൻ ‘ക്ഷാമം’ എന്ന പെരുകാറ്റുണ്ടായി. പന്നിയുടെ ആഹാരം പോലും കിട്ടാത്തവൻ അപ്പന്റെ അടുക്കൽ മടങ്ങി എത്തി. ന്യായവിധിയുടെ വഴിവിട്ട് നിത്യജീവന്റെ വഴി ആഗ്രഹിച്ച് മടങ്ങി വന്നവനെ അപ്പൻ കരം നീട്ടി സ്വീകരിച്ചു. കുഞ്ഞുങ്ങളേ! ‘ലോകം വേണ്ട’ എന്ന് പറഞ്ഞ് നിത്യതയുടെ വഴി കണ്ടെത്തുവാൻ സഹായം തരുന്ന പർവ്വതത്തിലേക്ക് കണ്ണുയർത്തുക. ദൈവം അനുഗ്രഹിക്കട്ടെ.



**പ്രാർത്ഥന**

ആടുകളായ ഞങ്ങൾ ഒരിക്കലും നശിച്ചു പോകാതിരിപ്പാൻ, ഞാൻ അവയ്ക്ക് നിത്യജീവനെ നൽകും എന്നരുളിയ നല്ല ഇടയനായ കർത്താവേ! അങ്ങയുടെ സ്നേഹത്തിനായി നന്ദി. അഹങ്കാരം , അനുസരണക്കേട് , വിരോധം മുതലായ വീഴ്ചയ്ക്ക് കാരണമായ കാര്യങ്ങളെ ഉപേക്ഷിച്ച് , അചഞ്ചല വിശ്വാസത്തോടെ അങ്ങയുടെ വാക്ക് കേട്ടനുസരിപ്പാൻ സഹായിക്കേണമേ. യേശുവിന്റെ നാമത്തിൽ തന്നെ ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind